**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2553** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള കെയർ ഹോം പദ്ധതിയുടെ ഭാഗമായി എത്ര വീട്ടുകളാണ് നിർമ്മിക്കാൻ തീരുമാനിച്ചത്; അതിൽ എത്ര എണ്ണം പൂർത്തിയായി; | (എ) | ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2095 വീട്ടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി നൽകിയിരുന്നത്. 2021 ജനുവരി 12 വരെ 2048 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ പണം എങ്ങനെയാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ? | (ബി) | തുക സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ ലഭ്യമാക്കിയ 52,68,69,506/- രൂപയും , സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506/- രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരണ വകുപ്പ് തുക വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും (വീടൊന്നിന് ഉയർന്ന പ്രദേശങ്ങളിൽ 1,01,900/- രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) നിർമ്മാണ ത്തിനായി അനുവദിക്കുന്നുണ്ട്. പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങൾ, സഹകാരികൾ, സുമനസ്സുകൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും, ശ്രമദാനമായും അനുവദിക്കുന്ന സഹായങ്ങൾ നിർമ്മാണത്തിന് വിനിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ